"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

അത്തോളി ഗ്രാമപഞ്ചായത്ത് - 2023-24 വാർഷിക പദ്ധതി - ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ പാസ്സാക്കി നൽകാത്തതിനെതിരെ നിയമനടപടി സ്വീകരിക്കാനുള്ള പഞ്ചായത്ത് ഭരണസമിതിയുടെ 22/06/2024 തീയ്യതിയിലെ 01(01) നമ്പർ ഭരണസമിതി തീരുമാനം റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2463/2024/LSGD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. അത്തോളി ഗ്രാമപഞ്ചായത്തിന്റെ 22/06/2024 തീയ്യതിയിലെ 01(01) നമ്പർ കമ്മിറ്റി തീരുമാനം.
2. 07-07-2024 ലെ സ.ഉ.(സാധാ.) നം.1236/2024/എൽ.എസ്.ജി.ഡി

**<u>ഉത്തരവ്</u>**

അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം പൂർത്തിയാക്കിയ പദ്ധതികളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ആയവ പാസ്സാക്കി ലഭിച്ചില്ലായെന്നും പ്രസ്തുത ബില്ലുകളുടെ തുക 2024-25 വർഷത്തെ വിഹിതത്തിൽ നിന്നും കുറവ് ചെയ്യുന്നത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നും ആയതിനാൽ 2023-24 വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ചിട്ടും പാസ്സാകാതെയിരുന്ന തുക പ്രത്യേക വിഹിതമായി അനുവദിക്കണമെന്നും അല്ലായെങ്കിൽ സർക്കാരിനെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്നും പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭിന്നാഭിപ്രായം രേഖപ്പെടുത്തിയതിനെത്തുടർന്ന് പ്രസ്തുത വിഷയം സർക്കാർ പരിഗണനയിൽ വരുകയും ഗ്രാമപഞ്ചായത്ത് തീരുമാനം തൽക്കാലത്തേക്ക് നിർത്തി വയ്ക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 2024-25 ലെ ബഡ്ജറ്റ്

വിഹിതത്തിനൊപ്പം 20% ക്യാരി ഓവർ കൂടി ചേർത്ത് പദ്ധതി പുതുക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുള്ളതാണ്. 2023-24 ലെ ക്യൂബില്ലുകൾ കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത ക്യാരിഓവർ അനുവദിച്ചിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷാവസാനം ക്യൂബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക 2024-25 ലെ ബഡ്ജററ് വിഹിതത്തിൽ നിന്നും മാറി നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം മാറി നൽകുമ്പോൾ ബഡ്ജറ്റ് വിഹിതം മുഴുവനും ചെലവഴിച്ച് തീരുന്ന സാഹചര്യമുണ്ടായാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിക്കുന്നത് സർക്കാർ പരിശോധിക്കുന്നതാണ്. ആയതിനാൽ ഇപ്രകാരം ബില്ലുകൾ ക്യൂവിൽ ഉൾപ്പെടുത്തിയത് 2024-25 വർഷത്തെ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുമെന്ന അത്തോളി പഞ്ചായത്തിന്റെ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

ഈ സാഹചര്യത്തിൽ അത്തോളി ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1) ലെ കമ്മിറ്റി തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പ്രസിഡന്റ്, അത്തോളി ഗ്രാമപഞ്ചായത്ത്.
ധനകാര്യ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 16-12-2024 12:41:42

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്.
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്